**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3619** **05-08-2021 - ൽ മറുപടിയ്ക്ക്**

**പമ്പ, അച്ചൻകോവിൽ, മണിമല ആറുകളിൽ പുതിയ ഡാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പമ്പ, അച്ചൻകോവിൽ, മണിമല ആറുകളിൽ പുതിയ ഡാമുകൾ പണിയുന്നതിനുള്ള നിർദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ; | (എ) | പമ്പാ നദിയിൽ പാറക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് മുൻപ് തയ്യാറാക്കിയിട്ടുണ്ട്. അച്ചൻകോവിൽ ആറിൽ അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി, വക്കല്ലാർ ജല വൈദ്യുത പദ്ധതി, ടിൻകല്ലാർ ജലവൈദ്യുത പദ്ധതി എന്നിവയുടെ പഠനങ്ങൾക്കു ശേഷം ഉള്ള പ്രാഥമിക റിപ്പോർട്ട് തയ്യാറാ ക്കിയിട്ടുണ്ട്. അച്ചൻകോവിൽ ജലവൈദ്യുതി പദ്ധതി (30 MW) നടപ്പിലാക്കാനുള്ള വനഭൂമി, വനേതര പ്രവർത്തനങ്ങൾക്ക് വിട്ടു കിട്ടുന്നതിനുള്ള അപേക്ഷ സംസ്ഥാന വനം വകുപ്പ് നിരാകരിച്ചു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാം ഘട്ട പാരിസ്ഥിതിക പഠനവും നടത്തിയിട്ടുണ്ട്. വക്കല്ലാർ ജലവൈദ്യുത പദ്ധതി (24 MW) സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കാൻ എനർജി മാനേജ്മെന്റ് സെന്ററിന് പദ്ധതിയുടെ വിശദാംശങ്ങൾ നൽകി യിട്ടുണ്ട്. ടിൻകല്ലാർ ജലവൈദ്യുത പദ്ധതി (60 MW) വിവിധോദ്ദേശ പദ്ധതി ആയതിനാൽ ജലസേചന വകുപ്പുമായി സഹകരിച്ച് കേന്ദ്ര ജലകമ്മീഷന്റെ പുതുക്കിയ മാനദണ്ഡം അനുസരിച്ചുള്ള പുതുക്കിയ റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. മണിമലയാറിൽ പുതിയ ജലവൈദ്യുത പദ്ധതിക്കുള്ള സാധ്യതാ പഠനം നടന്നു വരുന്നു. |
| (ബി) | കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി പരമാവധി കുറയ്ക്കാൻ പ്രസ്തുത ആറുകളിൽ പുതിയ ഡാമുകൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) | മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുക യാണെങ്കിൽ കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ